കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail: ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി11-1175/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
ഇ-മെയിൽ – ddhglfalpy@gmail.com
ഫോൺ – 0477 2252753
തീയതി.03-11-2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-പി11-1175/16 തീയതി. 3.11.2016

# ആലപ്പുഴ ജില്ലയിലെ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1.1.2016 മുതൽ 20.09.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് , വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | സി.വൈ.സലിം, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 22.9.2016 മുതൽ 30.9.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.എം.വി.ആശ. | അസി.ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.കെ.എം. പ്രശോഭൻ | അസി. ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.പി.ഡബ്ളിയു.ജാക്വിലിൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.കെ.ബി.സുനിൽ | ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ. പി ആഘോഷ് കുമാർ | 1.4.2014 മുതൽ 31.10.2015 വരെ |
| | കൃഷി ഓഫീസർ, സെക്രട്ടറി, വി.ഇ.ഒ. എന്നിവർ ചേർന്ന പ്രത്യേക ഭരണസമിതി | 1.11.2015 മുതൽ 18.11.15 വരെ |

| | | |
|---|---|---|
| | ശ്രീമതി.മെർളിൻ സുരേഷ് | 19.11.2015 മുതൽ 31.03.2016വരെ |
| സെക്രട്ടറി | ശ്രീ.ബി എൻ അംബീശൻ | 01.4.2015മുതൽ 21.07.2015 വരെ |
| | ശ്രീ.കബീർദാസ് | 22.07.2015 മുതൽ 23.07.2015 വരെ |
| | ശ്രീ.ബി എൻ അംബീശൻ | 24.07.2015 മുതൽ 31.03.2016 വരെ |
| നിർവ്വഹണഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ.എൻ. ജി. വ്യാസ് | 1.4.2015 മുതൽ 29.6.2015. വരെ |
| | ശ്രീ.കെ.രാജേന്ദ്രപ്രസാദ് | 29.06.2015 മുതൽ 11.01.2016 എഫ്.എൻ വരെ |
| | ശ്രീമതി.സ്വപ്ന.ടി.ആർ. | 11.01.2016എ.എൻ മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. റാണി ഭരതൻ | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ മെഡിക്കൽ ഓഫീസർ, പിഎച്ച്സി. | ഡോ. സിബി സാംജി | 1.4.2015മുതൽ2.07.2015 വരെ |
| | ഡോ.പാർവ്വതി | 2.07.2015 മുതൽ 8.07.2015 വരെ |
| | ഡോ.മെൽവിൻജെ.ഗോൺസാലസ് | 8.07.2015 മുതൽ 7.01.2016 വരെ |
| | ഡോ.യു.ആർ.രേവതി | 7.01.2016 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. റജീന | 1.4.2015 മുതൽ 12.08.2015 |

| | | |
|---|---|---|
| ആയുർവ്വേദം | | വരെ |
| | ഡോ.പി.എസ്.റാണി. | 12.08.2015 എ.എൻ.മുതൽ 11.02.2016 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.പത്മ കുമാരി | 1.4.2015 മുതൽ 31.3.2016 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി.രമ. ബി | 1.4.2015 മുതൽ 31.3.2016. വരെ |
| വി.ഇ.ഒ. കടക്കരപ്പള്ളി | ശ്രീ.മാത്യു.പി.ജെ. | 1.4.2015 മുതൽ 26.4.2015 വരെ |
| | ശ്രീമതി.ബിജ്ജുമോൾ.ആർ. | 27.4.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ. തങ്കി സർക്കിൾ | ശ്രീ.കെ.രഞ്ജിത്ത് | 1.4.2015 മുതൽ 26.04.2015. വരെ |
| | ശ്രീമതി.ബിജ്ജുമോൾ. ആർ | 26.04.2015 മുതൽ 31.3.2016. വരെ |
| സബ് ഇൻസ്പെക്ടർ ഓഫ്, ഫിഷറീസ് | ശ്രീമതി.സീതാലക്ഷ്മി. ബി. എസ് | 1.4.2015മുതൽ 20.01.2016. വരെ |
| | | 20.01.2016 എ.എൻ.മുതൽ 31.03.2016 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.പി. സിനിമോൾ. | 1.4.2015 മുതൽ 31.3.2016. വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9. |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം-2 | |
| 12 | വസ്തു നികുതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 2-1 |
| 13 | മൊബൈൽടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല | 2-2 |
| | ഭാഗം-3 | |
| 14 | ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങിയപ്പോൾ പഴയ മെഷീന് ബൈ-ബാക്ക് വില ലഭിച്ചില്ല. | 3-1 |
| 15 | ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി.ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-2 |
| 16 | ഐ.എ.വൈ.ഭവനപദ്ധതി (എസ്.സി)അധികധനസഹായം തുക ചെലവഴിച്ചതിന് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 3-3 |
| 17 | കന്നുകാലികൾക്ക് ധാതുലവണമിശ്രിതം -പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിച്ചില്ല | 3-4 |
| 18 | പത്രപ്പരസ്യങ്ങൾ വിൻഡോപ്പരസ്യമായി നല്കേണ്ടതാണ് | 3-5 |

| | | |
|---|---|---|
| 19 | ഇ.എം.എസ്.ഭവന പദ്ധതി -ജില്ലാപഞ്ചായത്ത് വിഹിതം ചെലവഴിയ്ക്കാതെ തനതു ഫണ്ടിൽ നിലനിൽക്കുന്നു | 3-6 |
| 20 | വെള്ളക്കരം -യഥാസമയം ഒടുക്കാതിരുന്നതുമൂലം കുടിശ്ശിക | 3-7 |
| 21 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്. | 3-8 |
| 22 | സമഗ്ര ആരോഗ്യപരിപാലനം (ഹോമിയോ) | 3-9 |
| 23 | സമഗ്ര ആരോഗ്യപരിപാലനം(എസ്.സി& ജനറൽ) | 3-10 |
| | ഭാഗം 4 | |
| 24 | വാർഷിക കണക്കുകളുടെ പരിശോധന – അപാകതകൾ:- | 4-1 |
| 25 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 26 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 28 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 30 | ഓഡിറ്റ് റിക്കവറി | 4-7 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 26.03.2015 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് 85216350/-രൂപയും പ്രതീക്ഷിത ചെലവ് 82801500/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2016 | 14.7.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15118926 |
| വരവ് | 30021496 |
| ആകെ | 45140422 |
| ചെലവ് | 40463131 |
| നീക്കിയിരിപ്പ് | 4677291 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 5988370 | 4685710 | 10674080 | 10674080 |
| വികസനഫണ്ട് എസ്.സി.പി. | 100,000 | 2665850 | 2765850 | 2765850 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 3400 | 3400 | 3400 |
| സംരക്ഷണഗ്രാന്റ് റോഡ് | 826721 | 2904576 | 3731297 | 3731297 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1818669 | 2208081 | 4026750 | 4026750 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2038629 | 3017419 | 5056048 | 5056048 |
| പെർഫോമൻസ് ഗ്രാന്റ് | 279469 | 1792248 | 2071717 | 2071717 |
| എം.എൻ.ആർ.ഇ.ജി.എസ്. | 113958 | 919751 | 1033709 | 1032102 |
| ബി ഫണ്ട് | 0 | 945524 | 945524 | 945524 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 121 | 38519916 | 106 | 29109045 | 7 | 8 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 35% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2193127 | 1876321 | 316806(-) | -14% |
| നികുതിയേതര വരവുകൾ | 570667 | 821015 | 250348 | 44% |
| മറ്റുവരവുകൾ | 96125 | 254031 | 157906 | 164% |
| ആകെ | 2859919 | 2951367 | 91448 | 3% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 843840 | 405 |
| കർഷകതൊഴിലാളി പെൻഷൻ | 2031300 | 267 |
| വിധവാപെൻഷൻ | 3046320 | 354 |
| വാർദ്ധക്യകാലപെൻഷൻ | 4220820 | 544 |
| വികലാംഗപെൻഷൻ | 2324180 | 277 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.9.2016-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1722രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

കെട്ടിട നികുതി ഡിമാൻറ്,അരിയർ ഡിമാന്റ്,കളക്ഷൻ,ബാലൻസ് സംബന്ധിക്കുന്ന രജിസ്ററുകൾ സൂക്ഷിക്കുന്നില്ല.സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ടി വിവരം ഓഡിറ്റിനായി ലഭ്യമാക്കിയില്ല. ഇത് ഒഴിവാക്കിയാൽ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പരാമർശങ്ങൾക്ക് ഇടയില്ലാത്തവിധം നടപ്പിലാക്കിയിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് |
|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5.09.2016 | 01/08/ 2016 മുതൽ 31/08/2016 വരെ |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.3.2006 | 1997-98 മുതൽ 2004-05വരെ |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

വസ്തു നികുതി സംബന്ധിച്ച അരിയർ, ഡിമാൻറ്, കളക്ഷൻ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 18 ന് സാംഖ്യയിലെ ചില തകരാറുകൾ മൂലമാണ് കൃത്യമായ കണക്ക് സൂക്ഷിക്കുവാൻ കഴിയാതെ പോയതെന്നാണ് മറുപടി നൽകിയത്. പ്രധാന വരുമാന സ്രോതസ്സുകളിലൊന്നായ വസ്തു നികുതി അരിയർ സംബന്ധിച്ച് കൃത്യമായ വിവരം സൂക്ഷിക്കുന്നില്ല എന്നുള്ളത് ശരിയായ രീതിയല്ല. തൻമൂലം വസ്തു നികുതി സംബന്ധിച്ച ഡിമാൻറ്, കളക്ഷൻ, കുടിശ്ശിക വിവരങ്ങൾ വാർഷിക

ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തി പരിശോധിയ്ക്കുവാൻ സാധിച്ചില്ല.

## 2-2 മൊബൈൽടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുവടെ ചേർക്കുന്ന മൊബൈൽടവറുകളുടെ വസ്തുനികുതി 2013-14 വർഷം മുതൽ ഡിമാൻറ് ചെയ്ത് ഈടാക്കിയിട്ടില്ല.

1വയർലസ് റ്റി റ്റി ഇൻഫോസർവീസ് ലിമിറ്റഡ് , വാർഡ് -11

2)ഭാരതി എയർടെൽ ലിമിറ്റഡ് ( എൻ എച്ച് ബൈപ്പാസ്റോഡ് ) , വാർഡ് -11

3)ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് , വാർഡ് -3

4)ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ്, വാർഡ് -4

5)റിലയൻസ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് , വാർഡ് -6

6)ഭാരതി എയർടെൽ ലിമിറ്റഡ് ,വാർഡ് -6
വസ്തു നികുതി ഈടാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങിയപ്പോൾ പഴയ മെഷീന് ബൈ-ബാക്ക് വില ലഭിച്ചില്ല.

ചെലവുവിവരം

ബിൽ നം.21/15-16 തിയതി-29/09/2015;65,100രൂ.

ഗ്രാമപഞ്ചായത്തിലെ ഫോട്ടോസ്റ്റാറ്റ് മെഷീൻ പ്രവർത്തനരഹിതമായതിനെ തുടർന്ന് പുതിയത് വാങ്ങുന്നതിനായി ക്വട്ടേഷൻ നല്കിയതിന്റെ അടിസ്ഥാനത്തിൽ പുതിയ മെഷീന് കുറഞ്ഞ വിലയും പഴയ മെഷീന് ഉയർന്ന ബൈ-ബാക്ക് വിലയും രേഖപ്പെടുത്തിയ m/s കാൻമെക് ഓഫീസ് ടെക്നോളജീസ്,കൊച്ചി എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. ഈ അംഗീകൃത ക്വട്ടേഷനിൽ Cannon Multifunctional Digital Printer IR 3235 R.F എന്ന മെഷീന്റെ വില 72000 രൂപയും പഴയ മെഷീന് ബൈ-ബാക്ക് വിലയായി 10,000രൂപയും VAT 3100 രൂപയും ഉൾപ്പെടെ ആകെ 65100 രൂപയാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ സപ്ളൈ ഓർഡർ പ്രകാരം പ്രസ്തുത സ്ഥാപനം സപ്ളൈ ചെയ്തത് Old & Used MFP with copier cannon IR 3235 with Acess എന്ന മെഷീനാണ്. ഇതിന്റെ ക്യാഷ് /ക്രെഡിറ്റ് ഇൻവോയ്സ് നം.B 313/14.08.2015 ൽ ഫോട്ടോസ്റ്റാറ്റ് മെഷീന്റെ വില 62000 രൂപയും vat 3100 രൂപയും ഉൾപ്പെടെ ആകെ 65100 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ ബില്ലിൽ പഴയ ഫോട്ടോസ്റ്റാറ്റ് മെഷീന്റെ ബൈ-ബാക്ക് വില രേഖപ്പെടുത്തിയിട്ടില്ല. പഴയ ഫോട്ടോസ്റ്റാറ്റ് മെഷീന്റെ ബൈ-ബാക്ക് വില ലഭ്യമാക്കാതെയിരുന്നതിനും സ്പെസിഫിക്കേഷനിലും വിലയിലും വ്യത്യാസമുള്ള പഴയതും ഉപയോഗിച്ചതുമായ ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങിയതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി ക്വട്ടേഷനിൽ രേഖപ്പെടുത്തിയ സ്പെസിഫിക്കേഷനുള്ള മെഷീനാണ് വാങ്ങിയതെന്നാണറിയിച്ചിട്ടുള്ളത്. ടി മറുപടി ഓഡിറ്റിൽ അംഗീകരിയ്ക്കുന്നില്ല. ക്വട്ടേഷനിൽ രേഖപ്പെടുത്തിയ സ്പെസിഫിക്കേഷനിലുള്ളത് പുതിയ മെഷീനാണ്. പഴയതും ഉപയോഗിച്ചതുമായ മെഷീനാണ് പ്രസ്തുത ബില്ല് പ്രകാരം ലഭിച്ചത്. ക്വട്ടേഷനിൽ പുതിയ മെഷീന്റെ വിലയും ബൈ-ബാക്ക് വിലയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ബൈ-ബാക്ക് വില കുറവുവരുത്താതെ പഴയ മെഷീന്റെ വില മാത്രമാണ് (65100,വാറ്റ്ഉൾപ്പെടെ) ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ക്വട്ടേഷനിൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള മെഷീന്റെ വിലയിൽ നിന്നും ബൈ-ബാക്ക് വില കുറവ് ചെയ്ത തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ക്വട്ടേഷനിൽ രേഖപ്പെടുത്തിയ മെഷീന പകരം പഴയതും ഉപയോഗിച്ചതുമായ മെഷീൻ വാങ്ങിയ നടപടി ക്രമപ്രകാരമല്ല. ഇപ്രകാരം പഴയ മെഷീൻ വാങ്ങുന്നതിനായി പഞ്ചായത്തുകമ്മറ്റി തീരുമാനം എടുത്തിട്ടില്ല. പുതിയ മെഷീന്റെ (ബൈ-ബാക്ക് വില 10,000രൂ.കുറവ് വരുത്തി) വിലയാണ് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുള്ളത്. സ്ഥാപനം ക്വാട്ട് ചെയ്ത പഴയ ഫോട്ടോസ്റ്റാറ്റ് മെഷീന്റെ ബൈ-ബാക്ക് വില 10,000രൂ. തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി തുക നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറിയുടെ ബാദ്ധ്യതയായി പരിഗണിയ്ക്കുന്നതാണ്.

## 3-2 ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി.ചെലവ് തുക തടസ്സപ്പെടുത്തുന്നു.

കൃഷി ഓഫീസർ നടപ്പാക്കിയ സമഗ്ര പച്ചക്കറി കൃഷി S135/16, നെൽകൃഷി വികസനം S001/16എന്നീ പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ ഗ്രാമസഭ തെരഞ്ഞെടുത്തിട്ടില്ല. 19-2-2016 ൽ ചേർന്ന പഞ്ചായത്ത് കമ്മറ്റിയുടെ 7(4),7(7) എന്നീ നിശ്ചയങ്ങൾ പ്രകാരം സമഗ്ര പച്ചക്കറി കൃഷി S135/16, നെൽകൃഷി വികസനം S001/16എന്നീ പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ ഗ്രാമസഭയുടെ അംഗീകാരം നേടുന്നതിനു സമർപ്പിക്കുവാൻ തീരുമാനിച്ചു. എന്നാൽ നാളിതുവരെ ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല. ആയതിനാൽ സമഗ്ര പച്ചക്കറി കൃഷി എന്ന പ്രോജക്ടിനു ചെലവ് ചെയ്ത 205000/- രൂപയുടേയും (ബിൽ നം.4/28-3-2016), നെൽകൃഷി വികസനം എന്ന പ്രോജക്ടിനു ചെലവ് ചെയ്ത 130500 രൂപയുടേയും (ബിൽ നം.2/28-3-16 Rs.130000, തനത് ഫണ്ട് 500 രൂപ -ചെക്ക് നം.169549/10-3-16) ചെലവ് തടസ്സപ്പെടുത്തുന്നു. (ആകെ-335500രൂപ) ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഗുണഭോക്താക്കളെ അടുത്ത ഗ്രാമസഭയിൽ തെരഞ്ഞെടുത്തു കൊള്ളാം എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നല്കിയിട്ടുള്ളത്. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

## 3-3 ഐ.എ.വൈ.ഭവനപദ്ധതി (എസ്.സി)അധികധനസഹായം തുക ചെലവഴിച്ചതിന് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

ഐ.എ.വൈ.ഭവനപദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും കരാറിലേർപ്പെട്ട 14 ഗുണഭോക്താക്കൾക്കായി ഒരു ലക്ഷം രൂപ വീതം ആകെ 14,65,509 രൂപ കഞ്ഞിക്കുഴി ബ്ളോക്ക് ഡെവലപ്പ്മെന്റ് ഓഫീസർക്ക് 31.03.2016 ലെ ബിൽ.നം.45/15-16 പ്രകാരം നല്കിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ധന വിനിയോഗ രേഖകളുടെ അഭാവത്തിൽ ചെലവു തുക 14,65,509 രൂ.തടസ്സപ്പെടുത്തുന്നു.

## 3-4 കന്നുകാലികൾക്ക് ധാതുലവണമിശ്രിതം -പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിച്ചില്ല

പ്രൊജക്ട് നംമ്പർ - S0007 / 2016

അടങ്കൽ - 157500 (വികസനഫണ്ട് )

156000 ( ഗുണഭോക്തൃ വിഹിതം )

2015-16 വർഷം വെറ്ററിനറി സർജൻ നടപ്പാക്കിയ കന്നുകാലികൾക്ക് ധാതുലവണമിശ്രിതം പദ്ധതിക്കായി (ബിൽ നമ്പർ 10/15-16/തീയതി 31-3-16) വികസനഫണ്ടിൽ നിന്നും 9600/- രൂപയും കൂടാതെ ഗുണഭോക്തൃവിഹിതമായി 9600/- ഉൾപ്പെടെ ആകെ 19200/-ചെലവഴിച്ചിട്ടുണ്ട്. കേരള ഫീഡ്സിൽ നിന്നും 192 kg ധാതുലവണമിശ്രിതം 100 /- നിരക്കിൽ 19200/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. ലഭ്യമായ 192 പായ്ക്കറ്റുകൾ പതിനാറ് ഗുണഭോക്താക്കൾക്ക് ഒരാൾക്ക് 12 പായ്ക്കറ്റുകൾ എന്ന രീതിയിലാണ് നൽകിയത്. അംഗീകൃത ഗ്രാമസഭാ ലിസ്റ്റിൽ 150 ഗുണഭോക്താക്കൾ ഉണ്ടായിരിക്കെ അർഹതാ മാനദണ്ഡം പാലിക്കാതെ ആകെ പതിനാറ് ഗുണഭോക്താക്കളെ മാത്രമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അനവധി ക്ഷീരസംഘങ്ങളും ക്ഷീരകർഷകരും ഉള്ള ഗ്രാമപഞ്ചായത്തിൽ കൂടുതൽ ഗുണഭോക്താക്കളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കാമായിരുന്നു. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്, ഗുണഭോക്തൃവിഹിതം അടച്ചവർക്ക് മാത്രമാണ് സബ്സിഡി കൊടുത്തത് എന്ന മറുപടിയാണ് ലഭിച്ചത്. ഇത് ക്രമവിരുദ്ധമാണ്. ഒരു ഉരു എങ്കിലും ഉള്ള ചെറുകിടനാമമാത്ര കർഷകർക്കാണ് ഈ സബ്സിഡിക്ക് അർഹതയുള്ളൂ. എന്നാൽ ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷകളിൽ ഉരുക്കളുടെ എണ്ണം സംബന്ധിച്ച ചോദ്യത്തിന് ഉത്തരം രേഖപ്പെടുത്താതെയാണ് കാണപ്പെട്ടത്. അതിനാൽ അർഹതാമാനദണ്ഡങ്ങൾ പാലിച്ചും, കൂടുതൽ ഗുണഭോകാതാക്കളെ ഉൾപ്പെടുത്തിയും വേണം തുടർ പദ്ധതികൾ രൂപീകരിക്കേണ്ടത്.

## 3-5 പത്രപ്പരസ്യങ്ങൾ വിൻഡോപ്പരസ്യമായി നൽകേണ്ടതാണ്

ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്ന ഉപയോഗ്യശൂന്യമായ വാട്ടർടാങ്ക് പൊളിച്ച് കളയുന്നത് സംബന്ധിച്ച് നൽകിയ ലേലപ്പരസ്യത്തിനും പിന്നീട് നൽകിയ പുന ലേലപ്പരസ്യത്തിനും 15200/-രൂപ ചിലവഴിക്കുകയുണ്ടായി (വൗച്ചർ നം. 53/29.6.15 തുക 7600/- വൗച്ചർ നം 42/13.8.15 തുക 7600 /-). മേൽ സൂചിപ്പിച്ച പത്രപ്പരസ്യങ്ങൾ 8 x 5 കോളം വലിപ്പത്തിലാണ് നൽകിയിട്ടുള്ളത്. പൊതുഭരണ (ഇൻഫർമേഷൻ ആൻറ് പബ്ലിക്ക് റിലേഷൻസ് -ഡി) വകുപ്പ് സ. ഉ (അച്ചടിച്ചത് 01/04/ഐ ആൻറ് പി ആർ 01.1.04) പ്രകാരം പത്രപ്പരസ്യങ്ങൾ പ്രസിദ്ധീകരണത്തിന് 3x2 കോളം വലിപ്പമുള്ള വിൻഡോപ്പരസ്യങ്ങൾ ആണ് നൽകേണ്ടത്. ഇതുവഴി കുറഞ്ഞ തുകയ്ക്ക്

പരസ്യം പ്രസിദ്ധപ്പെടുത്താൻ സാധിക്കുമായിരുന്നു. ആയതിനാൽ തുടർന്ന് പത്രപ്പരസ്യങ്ങൾ നൽകുമ്പോൾ കുറഞ്ഞ നിരക്ക് മാത്രമാകുന്ന വിൻഡോപ്പരസ്യങ്ങൾ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 ഇ.എം.എസ്.ഭവന പദ്ധതി -ജില്ലാപഞ്ചായത്ത് വിഹിതം ചെലവഴിയ്ക്കാതെ തനത് ഫണ്ടിൽ നിലനിൽക്കുന്നു

ഇ.എം.എസ്.ഭവന പദ്ധതിയ്ക്കായി ജില്ലാപഞ്ചായത്തിൽ നിന്നും 2008-09, 2009-10, 2010-11 വർഷങ്ങളിലായി 16,65,000 രൂപ ലഭിച്ചിട്ടുണ്ട്. തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

ഡി.ഡി.നം./തീയതി തുക

742838/7.3.2009 200000

742226/21.2.2009 40000

576830/13.3.2010 225000

72395/14.3.2011 1200000

31.03.2016 ലും ടി തുക പൂർണ്ണമായി ചെലവഴിച്ചിട്ടില്ല. 31.03.2016 വാർഷിക ധനകാര്യപത്രികയിൽ ജില്ലാപഞ്ചായത്ത് വിഹിതം ലഭിച്ച തുകയിൽ 13,06,000രൂ. നീക്കിയിരിപ്പുണ്ട്. നാളിതുവരെ ടി തുക വിനിയോഗിക്കാതെ തനതുഫണ്ടിൽ സൂക്ഷിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി ഭവന നിർമ്മാണ പദ്ധതി പ്രകാരമുള്ള അധിക ധന സഹായത്തിന് അർഹതയുള്ള ഗുണഭോക്താക്കൾക്ക് ടി തുക വിതരണം നടത്തി അടുത്ത ഓഡിറ്റിന് ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. 13,06,000രൂ.അർഹതയുള്ളവർക്കായി ചെലവഴിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-7 വെള്ളക്കരം -യഥാസമയം ഒടുക്കാതിരുന്നതുമൂലം കുടിശ്ശിക .

ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തികവർഷത്തിൽ 268 പ്രവർത്തന ക്ഷമമായ ടാപ്പുകളുടെ (ജോയിന്റ് വേരിഫിക്കേഷൻ റിപ്പോർട്ട്) വെള്ളക്കരം തൻവർഷ ഡിമാന്റ് നോട്ടീസ് പ്രകാരം വാട്ടർ അതോറിട്ടിയിൽ അടച്ചിട്ടുണ്ടെങ്കിലും, വാട്ടർ അതോറിട്ടിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 31.05.2015 ലെ വെള്ളക്കരം കുടിശ്ശിക ഇനത്തിൽ നീക്കിയിരിപ്പ് തുക 358325 രൂപയാണ്. ഗ്രാമപഞ്ചായത്ത് തൻവർഷം വെള്ളക്കരം കുടിശ്ശിക ഇനത്തിൽ തുക ഒടുക്കിയിട്ടില്ല. 29.02.2016 ൽ (പ്രതിമാസം 2% ഫൈൻ ഉൾപ്പെടെ) വെള്ളക്കരം കുടിശ്ശിക തുക 426781രൂപയായി വർദ്ധിച്ചിട്ടുണ്ട്. കുടിശ്ശികയുടെ വിവരം,കാലയളവ്,വെള്ളക്കരം കുടിശ്ശിക പരിഹരിയ്ക്കുന്നതിനു സ്വീകരിച്ച തുടർ നടപടികളുടെ വിവരം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി വെള്ളക്കരം കുടിശ്ശിക തുക പലിശ ഒഴിവാക്കി അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശിക തുക ഒടുക്കി പലിശവർദ്ധനവ് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-8 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്.

2013 ആഗസ്റ്റ് മുതൽ 2015 ഒക്ടോബർ വരെയുള്ള കാലയളവിൽ പഞ്ചായത്തിന്റെ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് നടത്തുന്നതിനായി കരാർ നൽകിയിട്ടുള്ളത് ശ്രീ. രാജു, ചേന്നാട്ട് എന്ന കരാറുകാരനാണ്. ടി കോൺട്രാക്ടർക്ക് തന്നെ സാധനങ്ങൾ വാങ്ങി വിതരണം ചെയ്യുവാനുള്ള അനുമതിയും നൽകി. സി.സി.സി സൂപ്പർ മാർക്കറ്റ് എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നാണ് സാധനങ്ങൾ വാങ്ങിയിരിക്കുന്നത്. 24,510/- രൂപയുടെ വാങ്ങലുകളാണ് ഈ കാലയളവിൽ നടത്തിയിരിക്കുന്നത്. എന്നാൽ വാങ്ങിയിരിക്കുന്ന പല സാധനങ്ങളുടേയും സ്പെസിഫിക്കേഷൻ ബില്ലിലോ, ഫയലിലോ ലഭ്യമല്ല. (വാട്സ്, ബ്രാന്റ് നെയിം തുടങ്ങിയവ) നൽകിയ വിലയാകട്ടെ പ്രീമിയം ബ്രാന്റ് കമ്പനികളുടേതും. കരാറുകാരന്റെ കാലാവധി തീരാൻ രണ്ട് മാസം ബാക്കി നിൽക്കെ 2015 ആഗസ്റ്റ് മാസം ശ്രീ. പ്യാരിലാൽ.കെ.എന്നയാൾക്ക് കരാർ നൽകിയതായി കാണുന്നു. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.19ന് ലഭ്യമാക്കിയ മറുപടിയിൽ, ശ്രീ.രാജു, സമയാസമയങ്ങളിൽ ജോലി ചെയ്യാതെ നിരുത്തര വാദപരമായി പെരുമാറിയതിനാലാണ് ടിയാനെ മാറ്റിയതെന്നാണ്. എന്നിരുന്നാലും കരാർ കാലാവധി സമയത്തെ തുകയായ 60,932/- രൂപയും ടിയാൾ കൈപ്പറ്റിയിട്ടുള്ളതായി ഫയലിൽ നിന്നും വ്യക്തമാണ്. കരാർ കാലാവധി പൂർത്തിയാക്കാതിരിക്കുകയും, നിരന്തരമായി കരാർ ലംഘനം നടത്തുകയും ചെയ്ത ടിയാനെതിരെ യാതൊരു

നടപടിയും പഞ്ചായത്ത് കൈക്കൊണ്ടതായി കാണുന്നില്ല. ടിയാന് കൊടുക്കാനുള്ള മുഴുവൻ തുകയും പഞ്ചായത്ത് കൊടുത്തു തീർക്കുകയും ചെയ്യു. ഇത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-9 സമഗ്ര ആരോഗ്യ പരിപാലനം. (ഹോമിയോ)

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 15-16 വർഷം ഒരു ലക്ഷം രൂപയുടെ ഹോമിയോ മരുന്നുകൾ വാങ്ങാനാണ് അനുമതി നൽകിയിരിക്കുന്നത്. ബിൽ നം. 8/31-03-16 പ്രകാരം 1,00,000/- രൂ. ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമായിട്ടില്ല. അതിനാൽ ഈ പദ്ധതി 9/2016 ലും നടപ്പിലാക്കി തുടങ്ങിയിട്ടില്ല. പ്രോജക്റ്റ് റിപ്പോർട്ടിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന രീതിയോ, പദ്ധതി എങ്ങിനെയാണ് നടപ്പിലാക്കുന്നത് എന്ന വിവരമോ, ഉദ്ദേശലക്ഷ്യങ്ങളോ ഇല്ല. ഇതേ വർഷം തന്നെ ആശുപത്രിയ്ക്ക് വേണ്ടി മരുന്നു വാങ്ങൽ എന്ന പ്രോജക്റ്റിനായി 2,50,000/- രൂ. ബിൽ നം. 9/31-03-16 പ്രകാരം പിൻവലിച്ച് ഈ തുകയും ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമായിട്ടില്ല. ഒരേ സ്വഭാവമുള്ള കാര്യങ്ങൾക്കായി പല പ്രോജക്ടുകളിൽപ്പെടുത്തി പണം അനുവദിക്കുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

## 3-10 സമഗ്ര ആരോഗ്യ പരിപാലനം. (എസ്സ്‌സി & ജനറൽ) പ്രോജക്റ്റ് നം. എസ്സ്0078/16, എസ്സ്0023/16

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 15-16 വർഷം മൂന്ന് ലക്ഷം രൂപയുടെ ആയുർവ്വേദ മരുന്നുകൾ വാങ്ങാനാണ് അനുമതി നൽകിയിരിക്കുന്നത്. ബിൽ നം. 6/31-03-16, 7/31-03-16 പ്രകാരം 3,00,000/- രൂ. ഔഷധിയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമായത് 8/16 ലാണ്. 9/2016 ലും ഈ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. 2015-16 ൽ നടപ്പിലാക്കി പൂർത്തിയാക്കേണ്ട ഒരു പദ്ധതി 2016-17 ലും ആരംഭിച്ചിട്ടില്ല. പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലുമുള്ള വീഴ്ച ഇവിടെ പ്രകടമാണ്. അപാകതകൾ പരിഹരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികകണക്കുകളുടെ പരിശോധന - അപാകതകൾ

1.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2.വസ്തുനികുതിയുടെ ഡി.സി.ബി തയ്യാറാക്കിയിട്ടില്ല.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

-- ഇല്ല--

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

-- ഇല്ല –

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

-- ഇല്ല --

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

-- ഇല്ല –

## 4-6 സ്ഥിരനിക്ഷേപങ്ങൾ

-- ഇല്ല –

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 21,250 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക നം | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് തിയതി | നമ്പർ |
|---|---|---|---|---|---|
| 2012-13 | 2-2 | 1250 | ഡോ.സലിം, പി.എച്ച്.സി.കടക്കരപ്പള്ളി | 17.09.15 | 11509101131 |
| | | 5000 | ക്ഷീരോല്പാദക സംഘം,ആലുങ്കൽ | 29.09.15 | 11503101224 |
| | | 5000 | ക്ഷീരോല്പാദക സംഘം, കുഞ്ഞിത്തൈ | 29.09.15 | 11503101223 |
| | | 5000 | ക്ഷീരോല്പാദക സംഘം,തങ്കി | 30.09.15 | 11503101225 |
| | | 5000 | ക്ഷീരോല്പാദക സംഘം, കടക്കരപ്പള്ളി | 27.10.15 | 11503101488 |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 30021496 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 40463131 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 10000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1801009 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 10,000 | ശ്രീ.ബി.എൻ അംബീശൻ, സെക്രട്ടറി |
| ആകെ | | 10,000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 335500 | ശ്രീമതി.സ്വപ്ന.കൃഷി ഓഫീസർ |
| 3-3 | 1465509 | ശ്രീ.ബി.എൻ അംബീശൻ , സെക്രട്ടറി |

| | | |
|---|---|---|
| ആകെ | 1801009 | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

**--ഇല്ല--**

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബി. എൻ. അംബീശൻ,<br>സെക്രട്ടറി | സെക്രട്ടറി ,<br>കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് | ബംഗ്ലാവുപറമ്പിൽ ,<br>ആറാട്ടുവഴി, ആലപ്പുഴ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ. എഫ് .ജി.എ 5-1832/11/ 16-01-12 |
| 1997-98 | എൽ. എഫ്.ജി.എ 5 -1832/11/16-01-12 |
| 2001-02 | എൽ. എഫ് .ജി എ 5-1832/11/ 16.1.2012 |
| 2006-07,<br>07-08 | എൽഎഫ്എ8-40,41/2010/16.7.2010 |
| 2008-09 | എൽഎഫ്എപി2-1207/2011/10.1.2012/ 11.4.2012 |
| 2009-10 | എൽഎഫ്എ പി2-1208/2011/10.1.2012/ 11.4.2012 |

| | |
|---|---|
| 2010-11 | എൽഎഫ്എ പി2-550/2011/17.12.2012/ 31.1.2012 |
| 2011-12 | എൽഎഫ്എ പി2-1400/2012/ 14.12.2012/ 8.1.2013 |
| 2012-13 | എൽഎഫ്എ പി11-1841/2014/20.1.2015/ 3.3.2015 |
| 2013-14 | എൽ.എഫ്.എ-പി11-680/15, 15.07.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി-പി11/837/16, 30-7-2016 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി-പി.11/1175/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്,

ആലപ്പുഴ.

തീയതി.3.11.2016

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP-P11-1175/16

Kerala State Audit Department,

District Audit Office,

Alappuzha.

Date: 3.11.2016.

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Kadakkarappally Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of Kadakkarappally Grama panchayat for the year 2015-16 except the observations in my audit report para 4-1 properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha